# മലങ്കരസഭയിൽ ഇനിയും ഐക്യസാധ്യത

## തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ

ഇനി ഏതായാലും മലങ്കരസഭയിൽ ഐക്യമുണ്ടാവുകയില്ല എന്ന് വിചാരിക്കുന്നവരും ആ അഭിപ്രായം വേദികളിലും അനൗപചാരിക സംഭാഷണങ്ങളിലും പ്രകടിപ്പിക്കുന്നവരുമുണ്ട്. തീർച്ചയായും ഈ കാഴ്ചപ്പാട് ചില വിലയിരുത്തലുകളുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിലാകാം. അതിലേക്കു കടക്കുക ഈ കത്തിലെ ചർച്ചയുടെ പരിധിയിൽ വരുന്നില്ല. യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ഐക്യത്തിലൂടെ സമാധാനമെന്ന ആശയം പണ്ടേ തിരസ്കരിച്ചതാണ്. ഇരുസഭാവാദം അംഗീകരിച്ചുകൊണ്ട് പിരിയാനുള്ള ചർച്ചയ്ക്കു മാത്രമേ അദ്ദേഹത്തിന്റെ വിഭാഗം തയ്യാറുള്ളൂ. പള്ളികൾ ഇരുവിഭാഗങ്ങൾക്കുമായി പങ്കുവെച്ച് രണ്ടു സഭകളായി പിരിയുക എന്ന നിർദ്ദേശം മാത്രമാണ് അദ്ദേഹം ആവർത്തിച്ച് പ്രഖ്യാപിക്കുന്നത്. ഓർത്തഡോക്സ് സഭയിലെ ചില നേതാക്കന്മാരും ഈ പല്ലവി ഉയർത്തുന്നതു കേട്ടു തുടങ്ങിയിട്ടുണ്ട്. പാത്രിയർക്കീസ് പക്ഷക്കാർക്കു വേണ്ടത് എന്താണെന്നന്വേഷിച്ച് നൽകി അവരെ ഒഴിവാക്കി പ്രശ്നം തീർക്കുക എന്ന പ്രഖ്യാപനം ശരിക്കും ഒരു പ്രമാണിത്ത മനോഭാവമാണ് പ്രകടമാക്കുന്നത്. സഭയുടെ സ്വാതന്ത്ര്യം നിലനിർത്താൻ അവരെ ഒഴിവാക്കുന്നത് നല്ലതാണെന്ന് ചിന്തിക്കുന്നവരും ഉണ്ട്. ഇരുകൂട്ടരിലും പങ്കുവയ്ക്കൽ ആശയക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി തോന്നുന്നു. സ്വത്തുക്കൾ വിഭജിച്ച് സഭയുടെ പിളർപ്പ് ശാശ്വതീകരിക്കുന്നതുവഴി പ്രശ്നപരിഹാരം കാണാമെന്ന് ചിന്തിക്കുന്നവർക്ക് മുൻതൂക്കം വർദ്ധിക്കുമ്പോഴും സഭാഐക്യം മാത്രമാണ് ശരിയായ പോംവഴിയെന്ന് ഉറപ്പുള്ള ഒരു വിഭാഗത്തിന്റെ തത്സംബന്ധമായ വീക്ഷണമാണ് ഈ കത്തിൽ പ്രകടമാക്കുന്നത്.

ഈ വിഷയവുമായി ബന്ധപ്പെട്ട ചില ചിന്തകളാണ് ആദ്യം അവതരിപ്പിക്കുന്നത്. ഇരുപതു ശതകങ്ങളോളമായി ഒന്നിച്ചുനിന്ന് പ്രതിസന്ധികളെ അതിജീവിച്ച ഒരു വിശ്വാസിസമൂഹം ഭിന്നിച്ചു മാറുന്നതിന് എന്തു നീതീകരണമാണ് നമുക്ക് കാണാനാവുക? വ്യത്യസ്ത കാലഘട്ടങ്ങളിൽ സഭ വഴിപിരിഞ്ഞതിന്റെ ദുഃഖവും വേദനയും നാം ഇന്നും അനുഭവിക്കുന്നുണ്ടല്ലോ. എക്യുമെനിക്കൽ പ്രസ്ഥാനം തന്നെ ഈ മനഃസാക്ഷികുത്തിന്റെ സംഭാവനയാണല്ലോ. കാലാകാലങ്ങളിൽ സംഭവിച്ചുപോയ പിളർപ്പുകൾ സഭാനേതൃത്വത്തിന്റെ ദീർഘവീക്ഷണമില്ലായ്മയും സ്വാർത്ഥതയും കൊണ്ട് ഉണ്ടായവയാണെന്ന് സഭാസ്നേഹികൾ ഇന്ന് ഭാരപ്പെടുന്നില്ലേ? സമസ്ത സൃഷ്ടികളെയും ക്രിസ്തുവിൽ ഏകമാക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന സഭ തന്നെ സ്വയം ഭിന്നിച്ചാൽ അതിന് ഈ ലോകത്ത് എന്തു നിരപ്പിന്റെ ശുശ്രൂഷയാണ് നിർവ്വഹിക്കാനാവുക? സഭ 'ഏകം' എന്നു വിശ്വസിച്ച് ഏറ്റുപറയുന്ന സഭാസമൂഹം വിഭജനത്തിന്റെ ആശയ അടിത്തറ അന്വേഷിക്കുന്നത് വിചിത്രമെന്നേ പറയാനാകൂ.

ഇന്നത്തെ സാഹചര്യത്തിൽ ഈ ഭിന്നിപ്പ് അധികാരമോഹത്തിന്റേയും സ്വാർത്ഥ താല്പര്യങ്ങളുടേയും അടിസ്ഥാനത്തിലാണെന്നത് ആർക്കാണ് നിഷേധിക്കാൻ കഴിയുക? അന്ത്യോഖ്യാ പാത്രിയർക്കീസിനെ സഭാ ഭരണഘടനയിൽ വിവക്ഷിച്ചിട്ടുള്ള സ്ഥാനാവകാശങ്ങളോടെ മലങ്കരസഭ സ്വീകരിക്കണമെന്ന കോടതിവിധി നിലനിൽക്കുകയും അത് അംഗീകരിക്കുവാൻ ഈ സഭ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ പിളർപ്പ് ആവശ്യപ്പെടുന്നത് സ്വകാര്യസഭ സൃഷ്ടിക്കുന്നതിനും അതുവഴി സ്വേച്ഛാധികാരത്തിനും വേണ്ടിയല്ലാതെന്തിന്? സഭ ഒരു അധികാരഘടനയാണ് എന്ന സങ്കല്പം അടിസ്ഥാന ക്രിസ്തീയ കൂട്ടായ്മയ്ക്കും സഭാവീക്ഷണത്തിനും അന്യവും വിരുദ്ധവുമാണ്. സഭയുടെ അടിസ്ഥാന സ്വഭാവത്തിന് അന്യമായ ഒരു കാര്യത്തിന്റെ പേരിൽ ഭിന്നിച്ചു നിൽക്കുന്നു എങ്കിൽ അതിന് എന്ത് സാധൂകരണം ലഭിക്കും? ഭിന്നിപ്പ് വ്യവസ്ഥാപിതവും ഔപചാരികവുമാകുന്ന പ്രക്രിയയ്ക്ക് ഒരു വിശ്വാസിക്ക് കൂട്ടുനിൽക്കാനാവില്ല. അതുകൊണ്ട് സഭയെ രണ്ടാക്കുക എന്ന ചിന്തയ്ക്ക് പിന്തുണ നൽകാൻ ക്രിസ്തീയ ബോധ്യം അനുവദിക്കുന്ന സംഗതിയല്ല.

മറ്റൊരു കാര്യം. വേർപിരിയലിന്റെ പേരിൽ ഒരു വിഭാഗം സഭാംഗങ്ങളെ സ്വന്തം പള്ളിയിലുള്ള അവകാശ സ്വാതന്ത്ര്യങ്ങൾ നൽകാതെ നഷ്ടപരിഹാരം നൽകി പുറത്താക്കുന്നതിന് സാധ്യമാകുമോ? ഇരുകൂട്ടർക്കും യോജിച്ച് ഒരു സമൂഹമായി അവകാശസ്വാതന്ത്ര്യങ്ങൾ നിലനിർത്തി ആരാധനാസമൂഹമാകുവാൻ എങ്ങനെ സാധ്യമാകും എന്നാണ് ചിന്തിക്കേണ്ടത്. അതാണ് എളുപ്പം. അതാണ് കൂടുതൽ പ്രായോഗികം. അതാണ് നീതി. ഒരിക്കലും കുറ്റബോധം ജനിപ്പിക്കാത്ത ക്രിസ്തീയ പരിഹാരവും അതു തന്നെ. ഏത് ഉപാധികളോടെ ഐക്യത്തിന് തയ്യാറാണെന്ന് ശ്രേഷ്ഠ കാതോലിക്കാ പറയുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പിളർപ്പ് ആവശ്യമാണ്, അനിവാര്യതയാണ്. ഓർത്തഡോക്സ് സഭയിലെ പങ്കിടൽ വാദികൾക്കും ഈ വിഷയത്തിൽ അതേ അഭിപ്രായം തന്നെ. ഇരുകൂട്ടരും നിർബന്ധവിധേയരാകാതെ അംഗീകരിച്ച കോടതിവിധി വ്യക്തമാക്കുന്നത് ഭിന്നിപ്പിനു മുമ്പുണ്ടായിരുന്ന അവസ്ഥയിലേയ്ക്ക് സഭ തിരികെ പോകണമെന്നാണ്. അതായത് ഒന്നായിരുന്ന ആ സ്ഥിതി പുനഃസ്ഥാപിക്കണമെന്നാണ്. എങ്കിൽ ബാക്കി എന്തുണ്ട് വഴക്കടിക്കാൻ? പിന്നെ എന്തുണ്ട് പ്രശ്നം? എത്രയോ ഋജുവും, നിഷ്പക്ഷവും ക്രിസ്തീയവുമായ തീരുമാനമാണിത്!

ഈ പശ്ചാത്തലത്തിൽ ഭിന്നിച്ചു നിൽക്കുന്നതിനെക്കുറിച്ച് എന്തു തോന്നുന്നു? സഭാവിശ്വാസത്തിനും നീതിപീഠത്തിന്റെ തീർപ്പിനും വിരുദ്ധമാണത്. കോടതിവിധി വഴിയുള്ള പ്രശ്നപരിഹാരം തങ്ങൾക്ക് സ്വീകാര്യമാണ് എന്ന് സുപ്രീംകോടതിയിൽ ഇരുപക്ഷവും സത്യപ്രസ്താവന ചെയ്തശേഷം അത് നിരാകരിക്കുന്നത് ഹീനമാണ്. പിന്നീട് വിഭജനത്തിന്റെ വ്യവസ്ഥകൾ പുലമ്പി നടക്കുന്നതിൽ എന്ത് മാന്യതയാണുള്ളത്! ഇത്തരക്കാർക്ക് പ്രേരണ ദൈവേഷ്ടമോ, സഭാനന്മയോ അല്ല. സ്വന്തം താല്പര്യങ്ങൾ മാത്രം. സഭാംഗങ്ങൾ ഈ വസ്തുത ഇനിയെങ്കിലും മനസ്സിലാക്കണം.

മറ്റൊരുകാര്യം. സഭയിൽ യോജിപ്പ് ഉണ്ടാകണമെന്ന ചിന്ത പഠനങ്ങളുടെ അടിസ്ഥാനത്തിലോ, സാഹചര്യം

Malankara Orthodox TV

വിലയിരുത്തിയോ ഉള്ളതല്ല. മറിച്ച് ഇതിന്റെ അടിസ്ഥാനം ക്രിസ്തീയ പ്രത്യാശയാണ്. ക്രൈസ്തവചിന്തയിൽ പ്രത്യാശയെന്നത് മനുഷ്യന്റെ വിലയിരുത്തലുകൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറമുള്ള കാര്യമാണ്. മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും അതീതമായി ദൈവീക ഇടപെടൽ ഉണ്ടാകുമെന്ന ബോധ്യവും ഉറപ്പുമാണ്. മാറാരോഗങ്ങൾ സുഖപ്പെടുവാൻ പ്രാർത്ഥിക്കുന്നതും, സാമ്പത്തിക തകർച്ചയുടെ നടുവിലും നല്ല കാലത്തിന്റെ പ്രതീക്ഷ വച്ചുപുലർത്തുന്നതും, മരണത്തിനും ഭൗതീക ശരീരത്തിന്റെ ജീർണ്ണതയ്ക്കും അപ്പുറം ജീവന്റെ നിലനിൽപ്പും ആഘോഷവും നടക്കുമെന്ന് ചിന്തിക്കുന്നതും ഏത് യുക്തിചിന്തയുടെ അടിസ്ഥാനത്തിലാണ്? അതുകൊണ്ട് ഒരേ ചരിത്രവും, പാരമ്പര്യവും, വിശ്വാസവുമുള്ള ഒരു സഭയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കുമായി ശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാൻ പ്രേരണ നൽകുന്നത് ക്രിസ്തീയ പ്രത്യാശയാണ്. മലങ്കരസഭയുടെ ഐക്യം തകർക്കാൻ തല്പരകക്ഷികൾ തീവ്രയത്നം നടത്തുമ്പോഴും വലിയൊരു വിഭാഗം ഇതു സംബന്ധിച്ച് നിസ്സംഗതയിലും ആശയക്കുഴപ്പത്തിലും കഴിയുമ്പോഴും സഭയിൽ നിരപ്പ് യാഥാർത്ഥ്യമായി തീരുമെന്ന പ്രതീക്ഷയോടെ സഭാസ്നേഹികൾ പ്രവർത്തിക്കേണ്ടതുണ്ട്. വ്യക്തിപരമായി പറഞ്ഞാൽ ഈ പ്രതീക്ഷ എന്റെ ജീവിതത്തിന്റെ സ്വപ്നവും ലക്ഷ്യവുമാണ്. അതാണ് കലുഷിതമായ അന്തരീക്ഷം നിലനിൽക്കുന്ന സഭയിൽ ആത്മാർത്ഥതയോടെ ശുശ്രൂഷ ചെയ്യുവാൻ എനിക്ക് പ്രേരണയും കരുത്തും നൽകുന്നത്.

ഇത് എന്റെ മാത്രം കാര്യമല്ല. സഭയിൽ ഐക്യം ആഗ്രഹിക്കുന്ന അനേകം വിശ്വാസികൾ ഉണ്ട് എന്നു തന്നെയാണ് എന്റെ ധാരണ. ഈ പ്രത്യാശ വച്ചുപുലർത്തുന്നത് സഭൈക്യത്തിൽ തങ്ങൾക്ക് നഷ്ടം സംഭവിക്കും എന്നു ഭയപ്പെടുന്ന സഭാനേതൃത്വത്തിൽ പെട്ടവരല്ല; നേതൃത്വം കൊതിച്ച് നടക്കുന്നവരുമല്ല. സഭായോജിപ്പ് ദൗത്യമായി കരുതുന്നവരാണ്. സഭയ്ക്ക് നന്മ ആഗ്രഹിക്കുന്ന സാധാരണ വിശ്വാസികളാണ്. അവർക്ക് നിക്ഷിപ്ത വ്യക്തിതാല്പര്യങ്ങൾ ഒന്നുമില്ല. സഭാഗാത്രം വെട്ടിമുറിക്കപ്പെടുന്നതിൽ ഹൃദയവ്യഥ അനുഭവിക്കുന്നവരാണവർ. അവർക്ക് സഭാവിഭജനം വ്യവസ്ഥാപിതമാക്കുന്നതിനോട് പൊരുത്തപ്പെടാനാവില്ല. എന്നാൽ ഐക്യത്തിന് തുരങ്കം വെയ്ക്കുന്നവരാണ് ഇപ്പോൾ അരങ്ങ് തകർക്കുന്നത്. അവരുടെ ശബ്ദകോലാഹലത്തിലും സഭൈക്യത്തിനും സമാധാനത്തിനും വേണ്ടിയുള്ള പ്രാർത്ഥനയും അധ്വാനവും ഫലപ്രാപ്തിയിലെത്തുമെന്നാണ് എന്റെ ഉറച്ച വിശ്വാസം.

സഭ യോജിക്കണമെങ്കിൽ അതിനൊരു അടിസ്ഥാന ചട്ടക്കൂട് ഉണ്ടാകണം. 1958-ൽ സഭ യോജിച്ചു. 1964 -ൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ മലങ്കരയിലെത്തി പൗരസ്ത്യ കാതോലിക്കാ വാഴ്ചയ്ക്ക് നേതൃത്വം നൽകി സഭാഐക്യം ഉറപ്പാക്കി. സഭ പുതിയ മെത്രാപ്പോലീത്താമാരെ വാഴിച്ച് ഭദ്രാസനച്ചുമതല ഏല്പിച്ചു. 1972 വരെ ഈ ഐക്യം തുടർന്നു. ഈ കാലഘട്ടത്തിലെ സാഹചര്യത്തിലേയ്ക്ക് തിരിച്ചുപോകണമെന്നാണ് പരമോന്നത നീതിപീഠത്തിന്റെ 1995-ലെ വിധിയുടെ ഉള്ളടക്കം. മലങ്കരസഭയുടെ ക്ഷേമകാലമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ആ സുവർണ്ണഘട്ടത്തെ മാനദണ്ഡവും മാതൃകയുമായി പരിഗണിച്ച് സഭ ഏകമാകുന്നതിന് എന്തു തടസ്സമാണുള്ളത്? ഇതിനോട് ചേർത്ത് അന്നത്തെ സാഹചര്യം എന്തായിരുന്നു എന്ന് ഇരുവിഭാഗവും സ്വാഗതം ചെയ്തിട്ടുള്ള കോടതിവിധി പറയുന്നു.

1. 1934-ലെ സഭാഭരണഘടന പ്രാബല്യത്തിൽ വന്നു. അങ്കമാലി ഭദ്രാസനത്തിലെ ഇടവകപ്പള്ളികളിൽ പൊതുയോഗങ്ങൾ ചേർന്നു തന്നെ 1934 ഭരണഘടന അംഗീകരിച്ചിട്ടുണ്ട്. ഇതിലിപ്പോൾ ആർക്കും എതിർപ്പിന് അവകാശമില്ല.

2. സഭാഭരണഘടന പ്രകാരമുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനം നിലനിർത്തണം. ഇതിലധികം ആരും ആവശ്യങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. ആ സ്ഥാനം നിഷേധിക്കാൻ ആവുകയുമില്ല.

3. ഭരണഘടന വിവക്ഷിക്കുന്ന കാതോലിക്കേറ്റും ഭരണസംവിധാനവും നിലനിർത്തേണ്ടതുണ്ട്. ഇതു സമാധാനകാലയളവിൽ നടന്നിരുന്ന കാര്യമാണ്.

4. ഇടവകപള്ളികളെ സംബന്ധിച്ച് ഭരണഘടനയിലുള്ള വ്യവസ്ഥകൾ അംഗീകരിച്ച് മുന്നോട്ടു പോകണം. അതിലില്ലാത്ത കാര്യങ്ങളിൽ തീരുമാനമെടുക്കാൻ ഇടവകകൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

1975-ലെ സഭാതർക്കത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടായ തീരുമാനങ്ങൾ മാത്രം പ്രത്യേക കോടതിവിധി എന്ന നിലയിൽ അംഗീകരിക്കണം. അവ മാത്രമാണ് 1958-72 കാലഘട്ടത്തിൽ നിന്ന് പ്രത്യേകമായി പരിഗണിക്കേണ്ട കാര്യം.

1. പൗരസ്ത്യ സുവിശേഷ സമാജം, സിംഹാസനപള്ളികൾ, ഹൊന്നവാർ സൊസൈറ്റി തുടങ്ങിയവയ്ക്ക് സ്വതന്ത്രമായി നിലനിൽക്കാൻ സ്വാതന്ത്ര്യമുണ്ട്.

2. 'മാർത്തോമായുടെ സിംഹാസനത്തിൽ' എന്ന പൗരസ്ത്യ കാതോലിക്കായുടെ കല്പനാ ശീർഷകം തുടർന്നും ഉപയോഗിക്കാം.

3. മലങ്കര അസ്സോസിയേഷനിലേയ്ക്കും ഭദ്രാസന പൊതുയോഗങ്ങളിലേയ്ക്കുമുള്ള പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി തട്ട് (Stage) അടിസ്ഥാനത്തിൽ നിർണ്ണയിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ ഔദ്യോഗിക കാലാവധി അഞ്ച് വർഷമായിരിക്കും.

ഇത്രയും കാര്യങ്ങൾ കൂടി പ്രത്യേകമായി അംഗീകരിച്ചാൽ ഐക്യചട്ടക്കൂടിന്റെ രൂപം പൂർണ്ണമാകും.

ഒരു വിശ്വാസ സമൂഹത്തിൽ ഭരണപരമോ വ്യക്തിതാല്പര്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതോ ആയ കാരണങ്ങളാൽ പിളർപ്പ് ഉണ്ടാകാൻ പാടില്ല എന്നതാണ് കാതലായ കാര്യം. തർക്കങ്ങൾ ഉണ്ടായാൽ അവയ്ക്ക് നീതിപൂർവ്വകമായ പരിഹാരം കണ്ടെത്തുകയാണാവശ്യം. സഭയെ ഭിന്നിപ്പിച്ച് നിർത്തിക്കൊണ്ട് നേട്ടമുണ്ടാക്കാൻ താല്പര്യപ്പെടുന്നവർ വ്യക്തിപരമായ മുതലെടുപ്പിന് ശ്രമിക്കുന്നവരാണെന്ന് സഭാംഗങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കണം.

ഈ കത്തിലെ പ്രാരംഭ പരാമർശങ്ങൾ സഭയുടെ വിവിധ വേദികളിൽ ഗൗരവമായ ചർച്ചയ്ക്ക് വിഷയമാകട്ടെ എന്ന് അഭിലഷിക്കുന്നു.

(തുടരും)

(കണ്ടനാട് ഡയോസിഷൻ ബുള്ളറ്റിൻ, മെയ് 2007)

Malankara OrthodoxTV

# മലങ്കരസഭയിൽ ഇനിയും ഐക്യസാധ്യത - 2

സഭയിൽ ഐക്യമാണ് ആവശ്യം. വിഭജനവും പങ്കുവയ്ക്കലുമല്ല. യോജിപ്പിനുവേണ്ടത് പിരിയുന്നതിനു മുമ്പുണ്ടായിരുന്ന അവസ്ഥയിലേയ്ക്കുള്ള തിരിച്ചുപോക്കാണ്. സഭയിലെ ഇരുവിഭാഗങ്ങളും സ്വാഗതം ചെയ്ത സുപ്രീംകോടതി വിധിയും, സമാധാനകാലത്ത് യോജിച്ച സഭ അംഗീകരിച്ച് പ്രാബല്യത്തിൽ വരുത്തിയ സഭാഭരണഘടനയും ഐക്യത്തിന് ചട്ടക്കൂട് ആവുക എന്നത് രണ്ടു കൂട്ടർക്കും സ്വീകാര്യമാകേണ്ടതാണ്. ബാക്കിയുള്ള കാര്യങ്ങൾക്ക് വിട്ടുവീഴ്ചാമനോഭാവത്തോടെ ചർച്ച ചെയ്ത് പരിഹാരം കാണുക.

ഈ അടിസ്ഥാനത്തിൽ മലങ്കരസഭയുടെ രൂപവും സ്വഭാവവും എങ്ങനെ ആയിരിക്കുമെന്ന് ചിന്തിക്കാം.

1) ശീമയിലെ ഓർത്തഡോക്സ് സഭയും മലങ്കരയിലെ ഓർത്തഡോക്സ് സഭയും ചേർന്നതാണ് ഓർത്തഡോക്സ് സുറിയാനിസഭ. ഓരോ വിഭാഗത്തിനും സ്വന്തമായ സഭാതലവനും ഭരണസംവിധാനവും എപ്പിസ്കോപ്പൽ സുന്നഹദോസുമുണ്ട്.

2) ശീമയിലെ സഭയിലെ പ്രധാന തലവൻ അന്ത്യോഖ്യാ പാത്രിയർക്കീസും മലങ്കരസഭയുടെ പ്രധാന തലവൻ പൗരസ്ത്യ കാതോലിക്കായും ആയിരിക്കും. ഇരുസഭകൾക്കും ഭരണപരമായ പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കും.

3) മലങ്കരസഭ അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഈ സംയുക്തസഭയിലെ പ്രധാന മേലദ്ധ്യക്ഷനായി അംഗീകരിക്കും. എന്നാൽ അദ്ദേഹം വാഴിക്കപ്പെടുന്നത് മലങ്കരസഭയുടെ സഹകരണത്തോടെ ആയിരിക്കണം. മലങ്കരസഭയിൽ അദ്ദേഹം ഇടപെടുന്നത് ഭരണഘടനാപ്രകാരവും കാതോലിക്കോസിന്റെ സമ്മതപ്രകാരവും ആയിരിക്കണം.

4) അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയിൽ ചില പ്രത്യേക പദവികൾ ഉണ്ടായിരിക്കുമെന്ന് മലങ്കരസഭാ ഭരണഘടനയും ആരാധനാക്രമങ്ങളും വ്യക്തമാക്കുന്നുണ്ട്. അവ നിലനിർത്തണം.

(a) പൗരോഹിത്യ ശ്രേണിയിൽ ഒന്നാം സ്ഥാനം പാത്രിയർക്കീസിനായിരിക്കും. അദ്ദേഹത്തിന്റെ പേര് കാതോലിക്കായുടെ പേര് സ്മരിക്കുന്നിടത്ത് അതിനു മുമ്പായി ഓർക്കണം.

(b) അന്ത്യോഖ്യാ പാത്രിയർക്കീസിനെ പൗരസ്ത്യ കാതോലിക്കായുടെ വാഴ്ചയ്ക്ക് ഔപചാരികമായി ക്ഷണിക്കണം. അദ്ദേഹം ക്ഷണം സ്വീകരിച്ച് വരുന്നപക്ഷം ശുശ്രൂഷയിൽ മുഖ്യകാർമ്മികനായിരിക്കും.

(c) കാതോലിക്കായ്ക്കെതിരെ വിശ്വാസപരമായ കാര്യങ്ങളിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ പരാതി ഉന്നയിക്കപ്പെടുന്ന സാഹചര്യത്തിൽ അന്വേഷണത്തിനായി നിയോഗിക്കപ്പെടുന്ന കമ്മറ്റിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ പ്രവർത്തിക്കുവാനുള്ള അവസരം പാത്രിയർക്കീസിനാണ്.

(d) മലങ്കരസഭയിലെ ഏതൊരു സംരംഭത്തിലും കാതോലിക്കായുടെ സമ്മതവും ക്ഷണവും സ്വീകരിച്ച് പങ്കെടുക്കാവുന്നതാണ്.

ഇവയെല്ലാം മലങ്കരസഭ മറ്റൊരു സഭാമേലധ്യക്ഷനും നൽകാത്ത പ്രത്യേക പദവികൾ ആണ്. അവ ഭരണഘടനാപരമായി തുടർന്നും നൽകുവാൻ മലങ്കരസഭ സന്നദ്ധമാണ്. എന്നാൽ വ്യവസ്ഥാപിതമല്ലാത്ത ഇടപെടലുകൾ സഭയ്ക്ക് അംഗീകരിക്കാനാവില്ല.

(e) സംയുക്തസഭയുടെ ഘടകങ്ങളായ മലങ്കരസഭയും അന്ത്യോഖ്യാസഭയും രണ്ട് സ്വതന്ത്ര സഭാവിഭാഗങ്ങളാണ്. ഇവ യോജിച്ചുള്ള ഭരണസംവിധാനം കാനോനിലോ, ഭരണഘടനയിലോ ഇല്ല. അതുകൊണ്ട് ആകമാന സുറിയാനിസഭ, ആകമാന സുന്നഹദോസ്, സഭയുടെ പരമാദ്ധ്യക്ഷൻ തുടങ്ങിയ സ്ഥാനങ്ങളോ, സ്ഥാനികളോ ഭരണഘടനാനുസൃതമല്ല. മലങ്കരസഭ ഇവയൊന്നും അംഗീകരിക്കുന്നില്ല.

മലങ്കര മെത്രാപ്പോലീത്താ കൂടിയായ പൗരസ്ത്യ കാതോലിക്കാ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനാണ്. 1912 -ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായതു മുതൽ ഇവിടെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്വതന്ത്രമായ ആത്മീക അധികാരപ്രയോഗം അവസാനിച്ചു. കാരണം മെത്രാൻ സ്ഥാനാഭിഷേകം, മൂറോൻ കൂദാശ തുടങ്ങി പാത്രിയർക്കീസിനുള്ള സകല ആത്മീക അധികാരങ്ങളോടും കൂടിയ കാതോലിക്കേറ്റാണ് ഇവിടെ സ്ഥാപിതമായിരിക്കുന്നത്. അങ്ങനെ എല്ലാത്തരത്തിലും മലങ്കരസഭ സ്വതന്ത്രയായി. അതിന്റെ ഭരണത്തിനോ നിലനിൽപ്പിനോ മറ്റേതെങ്കിലും വൈദീകമേലദ്ധ്യക്ഷനെ മലങ്കരസഭയ്ക്ക് ഇപ്പോൾ ആശ്രയിക്കേണ്ടതില്ല. ഈ സഭ പരി. അന്ത്യോഖ്യാ പാത്രിയർക്കീസിനെ അതിന്റെ സംവിധാനത്തിൽ ഉൾക്കൊള്ളുകയും അന്ത്യോഖ്യയുമായി അതിന്റെ ചരിത്രപരവും പരമ്പരാഗതവും കാനോനികവുമായ ബന്ധം നിലനിർത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതായത് ഐക്യത്തിൽ വരുന്ന മലങ്കരസഭ ഭരണപരമായി അതിന്റെ പൂർണ്ണസ്വാതന്ത്ര്യം നിലനിർത്തുകയും അതേസമയം അന്ത്യോഖ്യാ പാത്രിയർക്കീസിന് പ്രത്യേകപദവികൾ തുടർന്നും നൽകി സഭയിൽ ഉൾക്കൊണ്ട് പോവുകയും ചെയ്യുന്ന വ്യവസ്ഥാപിത സംവിധാനം നിലവിൽ വരുത്തുകയാണ് സഭാതർക്കത്തിന് ശരിയായ പരിഹാരം. ഇതിനായി ചില ഒരുക്കങ്ങളും നടപടികളും ഇരുഭാഗങ്ങളിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്. ഓർത്തഡോക്സ് സഭ ഇക്കാര്യത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ആദ്യമെ ചേർക്കട്ടെ.

1) മലങ്കരസഭാ ഭരണഘടനപ്രകാരം പരി. അന്ത്യോഖ്യാ പാത്രിയർക്കീസിനുള്ള സ്ഥാനം, പദവികൾ എന്നിവ സഭാ സംവിധാനത്തിൽ നിലനിർത്തുമെന്ന ഉറപ്പ് പ്രഖ്യാപിച്ചുകൊണ്ട് സഭാനേതൃത്വത്തിൽ നിന്ന് അസന്നിഗ്ദ്ധമായ പ്രസ്താവന ഉണ്ടാകണം. കാരണം സഭയ്ക്ക് നേടേണ്ടത് വിശ്വാസസമൂഹത്തെയാണ്. പള്ളിയും വസ്തുവകകളും മാത്രമല്ല.

Malankara Orthodox TV

2) 'പൗരസ്ത്യ കാതോലിക്കായുടെ സ്ഥാനനാമം ഇന്ത്യൻ പാത്രിയർക്കീസ് എന്നാക്കണം.' 'കാതോലിക്കായുടെ കീഴിൽ രണ്ടു പാത്രിയർക്കീസുമാരെ ഉടനെ വാഴിച്ചാക്കണം' എന്നിങ്ങനെയുള്ള നിരുത്തരവാദിത്തപരമായ പ്രസ്താവനകൾ സഭയുടെ നേതൃത്വനിരയിൽ നിന്നുണ്ടാകുന്നത് പരസ്യമായി ചെറുക്കപ്പെടുകയും അപലപിക്കപ്പെടുകയും വേണം. ഇത്തരം പ്രസ്താവനകൾ വിഭജനം നിലനിർത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇവയിൽ ആദ്യത്തേത് പാത്രിയർക്കീസ് പദവി കാതോലിക്കാ സ്ഥാനത്തേക്കാൾ ഉയർന്നതാണെന്നും അതുകൊണ്ട് ആ സ്ഥാനം കാതോലിക്കാ സ്വായത്തമാക്കി തുല്യത നേടണമെന്നും ധ്വനിപ്പിക്കുന്നു. രണ്ടാമത്തേത് പാത്രിയർക്കാ സ്ഥാനത്തെ നിന്ദിക്കുന്ന അല്പത്തരത്തിൽ നിന്ന് ഉയരുന്നതാണെന്ന് ആർക്കും മനസ്സിലാകുന്നതാണ്. ഇവ രണ്ടും പ്രകോപനം സൃഷ്ടിക്കാനല്ലാതെ മറ്റൊന്നിനും പ്രയോജനപ്പെടുകയില്ല.

'പാത്രിയർക്കീസ്' എന്ന സ്ഥാനനാമം ചരിത്രപരമായ ചില പ്രത്യേക സാഹചര്യങ്ങളിൽ സഭയിൽ രൂപപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാണ്. അതിന് പരമാധികാരത്തിന്റെ ഭാവമോ, സൂചനയോ ഇല്ല. യരുശലേം പാത്രിയർക്കീസിന് ആ നാമം നിലനിൽക്കുമ്പോഴും കാനോൻപ്രകാരം അദ്ദേഹം ഭരണപരമായി കേസറിയായിലെ മെത്രാപ്പോലീത്തായ്ക്ക് വിധേയനാണ്. അതിൽ നിന്ന് പാത്രിയർക്കീസ് എന്ന സംജ്ഞ ചില സ്ഥലങ്ങളിലെ മേലദ്ധ്യക്ഷന്മാരെ ബഹുമാനസൂചകമായി സംബോധന ചെയ്യുവാൻ ഉപയോഗിച്ചു വരുന്ന വാക്കു മാത്രമാണെന്ന് അനുമാനിക്കാം. പൗരസ്ത്യ കാതോലിക്കാ എന്നത് പൗരാണികവും കാനോനികവുമായ സ്ഥാനമാണ്. അതു നഷ്ടപ്പെടുത്തി പൗരസ്ത്യ കാതോലിക്കാ ഇതുവരെ ഉപയോഗിച്ചിട്ടില്ലാത്ത നാമം സ്വീകരിക്കുന്നത് ആ പദവിയെ സംബന്ധിച്ചിടത്തോളം സ്വന്തം ചരിത്രവും സ്വത്വബോധവും നിഷേധിക്കുന്ന നടപടിയായിരിക്കും. കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസുമാരെ വാഴിക്കണമെന്ന നിർദ്ദേശം ഒരുതരം വിലകുറഞ്ഞ നിഷേധാത്മക ചിന്തയിൽ നിന്ന് ഉയരുന്ന ജല്പനമായേ കാണാനാകൂ. ഇത്തരത്തിലുള്ള പ്രസ്താവനകൾ പ്രകോപനം സൃഷ്ടിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. അന്ത്യോഖ്യൻ അണികളെ അകറ്റുന്നതിനേ അവ സഹായിക്കൂ. അതിനാൽ ഇത്തരം പ്രസ്താവനകൾ നടത്തി സാധാരണജനത്തിന്റെ മനസ്സിനെ വ്രണപ്പെടുത്തുന്ന പ്രവണത പൂർണ്ണമായും അവസാനിപ്പിക്കണം.

3) മലങ്കരസഭയിൽ മഞ്ഞപ്പത്രങ്ങൾ ധാരാളം ഇറക്കുന്നുണ്ട്. ഇവയിൽ പലതും സഭയിൽ കലഹം നിലനിർത്താൻ വേണ്ടി മാത്രം പ്രവർത്തിക്കുന്നവയാണെന്ന് സഭാനേതൃത്വം തിരിച്ചറിയണം. 1995-ലെ സുപ്രീംകോടതി വിധിയ്ക്കു ശേഷം സഭയിൽ സമാധാനം കൈവരാതിരിക്കാൻ ഈ പ്രസിദ്ധീകരണങ്ങൾ വഹിച്ച പങ്ക് വലുതാണ്.

4) മലങ്കരസഭയിൽ യോജിപ്പുണ്ടായാൽ പാത്രിയർക്കീസ് വിഭാഗത്തെ ഏതെങ്കിലും സംവിധാനത്തിലൂടെ പലതിലും മേൽക്കൈയുള്ള ഓർത്തഡോക്സ് സഭ ഒതുക്കിക്കളയും എന്ന അവരുടെ ഭീതി ഗൗരവമായി പരിഗണിക്കേണ്ടതാണ്. അവരുടെ സ്ഥാനമാനങ്ങളും അവസരങ്ങളും അപകടത്തിലാക്കാത്ത ഐക്യം സൃഷ്ടിക്കപ്പെടുമെന്ന ബോദ്ധ്യം വളർത്തുന്നതിനുള്ള സംവേദനത്വം സഭാനേതൃത്വം പ്രകടമാക്കേണ്ടതാണ്. കാരണം നഷ്ടഭീതി സൃഷ്ടിക്കുന്നതിനേക്കാൾ സുരക്ഷിതബോധം പ്രദാനം ചെയ്യുന്നതാണല്ലോ സാഹോദര്യവും ഐക്യവും ബലപ്പെടുത്താൻ കൂടുതൽ സാദ്ധ്യത നൽകുക. എന്നാൽ പരാജയത്തിന്റെ ഭീതി പാത്രിയർക്കീസ് വിഭാഗത്തിൽ സൃഷ്ടിച്ച് സഭൈക്യപ്രക്രിയയ്ക്ക് തുരങ്കം വയ്ക്കാൻ സഭയിൽ ഒരു വിഭാഗം പ്രവർത്തിച്ചിട്ടുണ്ട് എന്ന് പറയാതിരിക്കാൻ വയ്യ.

5) കോടതിവിധി നടപ്പിലാക്കുന്നത് സഭയിൽ ഐക്യവും സമാധാനവും പുനഃസ്ഥാപിക്കണമെന്ന ലക്ഷ്യത്തോടെയാണ് എന്നത് സഭയുടെ നിലപാടായി മാറണം. കോടതിവിധി ആരുടേയും ആധിപത്യം സ്ഥാപിക്കുന്നതിനല്ല പിടിച്ചെടുക്കുന്നതിനുമല്ല. നീതിയും ന്യായവും അനുസരിച്ച് ഈ സഭ ഒന്നാകുന്നതിനുള്ള ചട്ടക്കൂടാണ് പ്രദാനം ചെയ്തിരിക്കുന്നത്. വിഘടിച്ചു നിൽക്കുന്നവർക്ക് ഭരണഘടനാപരമായി അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള വ്യവസ്ഥാപിത ബന്ധത്തിൽ കഴിയുവാനും സ്വന്തം പള്ളികളും പള്ളിവസ്തുക്കളും തങ്ങളുടേതാക്കി സഭാഭരണഘടനപ്രകാരം ഭരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യവും അവകാശവുമാണ് കോടതിവിധി നൽകിയിരിക്കുന്നത്. ഈ വസ്തുത സഭയിൽ ആകെ ശക്തമായി സംവേദനം ചെയ്യപ്പെടണം. മലങ്കരസഭ നീതിപൂർവ്വകമായ ഐക്യമാണ് വിഭാവനം ചെയ്യുന്നത് എന്നും സഭാവിഭജനത്തിന് കൂട്ടുനിൽക്കാൻ തയ്യാറല്ല എന്നും ഉറപ്പായി പ്രഖ്യാപിക്കണം.

6) വിശ്വാസപരമായി ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ തമ്മിൽ ഭിന്നതയിലാണ് എന്ന വാദം നിലനിൽക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇത് വിഘടനവാദികളുടെ പ്രചാരണം മാത്രമാണ്. ഇതിൽ യാതൊരു കഴമ്പുമില്ലെന്നതാണ് സത്യം. അന്ത്യോഖ്യാ പാത്രിയർക്കീസ് വി. പത്രോസിന്റെ സ്ഥാനത്താകയാൽ സകല സഭാമേലദ്ധ്യക്ഷന്മാരും അദ്ദേഹത്തിന്റെ കീഴിൽ ആയിരിക്കണം എന്ന ചിന്തയാണ് 'വിശ്വാസം' എന്ന പേരിൽ പ്രചരിപ്പിച്ചുവരുന്നത്. ഇന്ന് സുറിയാനി സഭയുമായി ഏകവിശ്വാസത്തിലും കുർബാന സംസർഗ്ഗത്തിലും കഴിയുന്ന സഭകളാണ് അലക്സാന്ത്രിയൻ, അർമ്മീനിയൻ, എത്യോപ്യൻ, എറിത്രിയൻ സഭകൾ. ഇവയൊന്നും പത്രോസിന്റെ പിൻഗാമികളായ സഭാദ്ധ്യക്ഷന്മാർക്ക് മറ്റുള്ള സഭാദ്ധ്യക്ഷന്മാരുടെ മേൽ ആധിപത്യമുള്ളതായി പഠിപ്പിക്കുന്നില്ല. അന്ത്യോഖ്യാ പാത്രിയർക്കീസ് പോലും മറ്റുള്ള സഭകളുമായുള്ള ബന്ധത്തിൽ ഈ വാദം ഉന്നയിക്കുന്നില്ല. ഇതൊരു വിശ്വാസകാര്യമായി വ്യവഹരിക്കുന്നുമില്ല. അതുകൊണ്ടാണല്ലോ മറ്റ് ഓറിയന്റൽ സഭകളുമായി വിശ്വാസ - ആചാര്യത്വപരവും കൗദാശികവുമായ ഐക്യത്തിൽ പുലരുവാൻ സുറിയാനി പാത്രിയർക്കേറ്റിനും സഭാസംവിധാനത്തിനും കഴിയുക. മറ്റുള്ള സഭകളുമായുള്ള ബന്ധത്തിൽ ഇതൊരു വിഷയമല്ലെങ്കിൽ ഇതെന്തിന് മലങ്കരസഭയുമായുള്ള ബന്ധത്തിന് വിശ്വാസപ്രശ്നമാക്കണം?

സുറിയാനിസഭ ഉൾപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന അലക്സാന്ത്രിയ പാത്രിയർക്കീസ് വി. മർക്കോസിന്റെ പാരമ്പര്യമാണ് അവകാശപ്പെടുന്നത്. അവർ വി. പത്രോസിന്റെ കൈവയ്പ് വഴിയുള്ളവർക്ക് പ്രത്യേക സ്ഥാനം കല്പിക്കുന്നവരുമല്ല. അദ്ദേഹത്തെ തന്നെക്കാൾ മൂപ്പും, സ്ഥാനവും, നേതൃത്വവും നൽകി അന്ത്യോഖ്യാ പാത്രിയർക്കീസ് അംഗീകരിക്കുന്നു. അപ്പോൾ ഇവിടെ വിശ്വാസവിഷയമില്ല. പിന്നെയെന്തിന് മലങ്കരസഭാ കാര്യത്തിൽ പത്രോസ് - തോമസ് കാര്യം പറഞ്ഞ് വിശ്വാസവിഷയമാക്കുന്നു? അന്ത്യോഖ്യയ്ക്ക്

Malankara Orthodox TV

നൽകുന്ന മൂപ്പുസ്ഥാനത്തിന്റെ അടിസ്ഥാനം പത്രോസിന്റെ സ്ഥാനവും പിൻഗാമിത്വവുമല്ല. ആയിരുന്നെങ്കിൽ അന്ത്യോഖ്യാപാത്രിയർക്കീസിന് എങ്ങനെ അലക്സാന്ത്രിയൻ പാത്രിയർക്കീസിന് മൂപ്പുസ്ഥാനം നൽകുവാൻ കഴിയുമായിരുന്നു? ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ തമ്മിൽ വിശ്വാസപരമായി ഭിന്നതകൾ ഒന്നുമില്ലെന്ന വസ്തുത വിശ്വാസികളിൽ എത്തിക്കുന്നതിന് മലങ്കരസഭ കൂടുതൽ ശ്രദ്ധിക്കണം. ഇതിന്റെ പേരിലാണ് ജനത്തെ ഭിന്നിപ്പിച്ച് മുതലെടുപ്പ് നടക്കുന്നത്.

തീർച്ചയായും യാക്കോബായ വിഭാഗത്തിന്റെ നിലപാടിലും സമീപനത്തിലും വ്യത്യാസം വന്നാൽ മാത്രമേ സഭൈക്യം സാദ്ധ്യമാകൂ. അവർ സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ചും നടപടികളെക്കുറിച്ചും ചർച്ച ചെയ്യേണ്ടത് ഈ കത്തിന്റെ ഭാഗമാണ്.

(തുടരും)

സസ്നേഹം,

നിങ്ങളുടെ

**അത്താനാസ്യോസ് തോമസ് മെത്രാപ്പോലീത്ത**

Malankara Orthodox TV